പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2464 **27-10-2026-ൽ മറുപടിയ്ക്ക്**

എക്സൈസ് സമുച്ചയ നിർമ്മാണത്തിനായി റവന്യൂ ഭൂമി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) കൊട്ടാരക്കരയിൽ എക്സൈസ് സമുച്ചയ നിർമ്മാണത്തിനായി കഴിഞ്ഞ സർക്കാർ എത്ര സെന്റ് റവന്യൂ ഭൂമി ലഭ്യമാക്കിയിരുന്നു;

മറുപടി: കൊട്ടാരക്കര എക്സൈസ് സമുച്ചയ നിർമ്മാണത്തിനായി മുൻ സർക്കാരിന്റെ കാലത്ത് കൊട്ടാരക്കര താലൂക്കിൽ ബ്ലോക്ക് നമ്പർ 23-ൽ സർവ്വേ നമ്പർ 73/03-ൽ ഉൾപ്പെട്ട 12.95 ആർ റവന്യൂ ഭൂമി അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് എക്സൈസ് സമുച്ചയ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും എക്സൈസ് വകുപ്പ് അംഗീകരിച്ചു നൽകിയിരുന്നോ;

മറുപടി: പ്രസ്തുത സ്ഥലത്ത് എക്സൈസ് സമുച്ചയം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പ്ലാൻ എക്സൈസ് വകുപ്പ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല.

(സി) എക്സൈസ് സമുച്ചയ നിർമ്മാണത്തിനായി എക്സൈസ് വകുപ്പ് എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മറുപടി: എക്സൈസ് സമുച്ചയ നിർമ്മാണത്തിനായി എക്സൈസ് വകുപ്പ് അംഗീകാരം നൽകിയ പ്ലാനിന്റെ അടിസ്ഥാനത്തിലുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക്, ഭരണാനുമതി നൽകി കെട്ടിട നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ